ഇന്ത്യൻ കോഫി ഹൗസ് തൊഴിലാളി സമരം പിൻവലിച്ചു

കൊച്ചി: ഇന്ത്യൻ കോഫി ബോർഡ് തൊഴിലാളി സഹകരണ സംഘത്തിലെ ആറു തൊഴിലാളികളെ സസ്പെൻഡ് ചെയ്ത നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ കോഫി ഹൗസ് എംപ്ലോയീസ് യൂണിയൻ (സിഐടിയു) നടത്തിയ അനിശ്ചിതകാല സമരം പിൻവലിച്ചു. സസ്പെൻഡ് ചെയ്ത ആറു തൊഴിലാളികളെയും തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മാനേജ്മെന്റ് സമ്മതം അറിയിച്ചതിനെത്തുടർന്നാണു സമരം പിൻവലിച്ചത്.

തൊഴിൽ മന്ത്രിക്കു നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ കെ. ശ്രീലാലിന്റെ അധ്യക്ഷതയിൽ എറണാകുളത്തു നടന്ന തൊഴിലുടമ- ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗത്തിലാണു തീരുമാനം.

വാർഡ് പുനർനിർണയം: ക്യൂ ഫീൽഡ് ആപ്പ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നെന്ന്

തിരുവനന്തപുരം: വാർഡ് പുനർനിർണയത്തിനായി ഉപയോഗിക്കുന്ന ക്യൂ ഫീൽഡ് ആപ്പ് പ്രായോഗിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി രാജീവ് ഗാന്ധി പഞ്ചായത്ത് രാജ് സംസ്ഥാന ചെയർമാൻ എം. മുരളി.

ഐകെഎമ്മിന്റെ പല സോഫ്റ്റ്‌വേറുകളും അവതാളത്തിൽ ആയതിനാൽ അവർ വികസിപ്പിച്ച ക്യൂ ഫീൽഡും ബാധ്യതയാകുമെന്ന് നേരത്തേ പല കേന്ദ്രങ്ങളും മുന്നറിയിപ്പ് നൽകിയിരുന്നു. കൃത്യതയോടും സുതാര്യതയോടും നടത്തേണ്ട വാർഡ് വിഭജന പ്രക്രിയ ക്യൂ ഫീൽഡിന്റെ വൈകല്യങ്ങൾ കാരണം ഉദ്യോഗസ്ഥന്മാരെ ബുദ്ധിമുട്ടിക്കുകയാണ്. ഇപ്പോൾ ഉണ്ടായിരിക്കുന്ന പ്രതിസന്ധികൾ എങ്ങനെയെങ്കിലും പരിഹരിക്കാൻ ഉദ്യോഗസ്ഥന്മാർക്ക് നിർദേശം നൽകി രക്ഷപ്പെടുന്നതിന് പകരം കുറ്റമറ്റ നിലയിൽ സമയബന്ധിതമായി അതു പൂർത്തീകരിക്കാനും പ്രതിസന്ധികൾ തരണം ചെയ്യാനുമുള്ള മാർഗങ്ങൾ ആരായുവാൻ ഈ സോഫ്റ്റ്‌വേറിനെ ആശ്രയിക്കാൻ തീരുമാനിച്ച സർക്കാരും കമ്മീഷനും അടിയന്തര നടപടി എടുക്കണമെന്നും എം. മുരളി ആവശ്യപ്പെട്ടു.

ദേശീയ യുവസംഘം രജിസ്ട്രേഷൻ 21 വരെ

കൊച്ചി: ഇന്ത്യയിലെ ഏറ്റവും വലിയ സാസ്കാരിക പരിപാടികളിലൊന്നായ ദേശീയ യുവസംഘത്തിൽ പങ്കെടുക്കാൻ രാജ്യത്തെ യുവതീയുവാക്കൾക്ക് അവസരം. കേന്ദ്ര വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഏക് ഭാരത് ശ്രേഷ്ഠ ഭാരത് (ഇബി എസ്ബി) പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന യുവസംഘത്തിൽ യുവജനങ്ങൾക്ക് തങ്ങളുടെ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് അംബാസഡറർമാരായി പങ്കെടുക്കാനുള്ള അവസരമാണു ലഭിക്കുന്നത്.

18നും 30നും ഇടയിൽ പ്രായമുള്ള പ്രഫഷണലുകൾ, വിദ്യാർഥികൾ (ഓൺലൈൻ പഠനം നടത്തുന്നവർ/ വിദൂര വിദ്യാഭ്യാസം നേടുന്നവർ), എൻഎസ്എസ്, എൻവൈകെഎസ് വോളണ്ടിയർമാർ, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികൾ തുടങ്ങിയവർക്ക് യുവസംഘത്തിൽ പങ്കെടുക്കാം. ഈ മാസം 21വരെ ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കും. ഐഐഐടി കോട്ടയമാണ് കേരളത്തിലെ നോഡൽ ഇൻസ്റ്റിറ്റ്യൂട്ട്. യുവസംഘത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും വെബ്സൈറ്റ്: https://ebsb.aicte-india.org/

എൻഡോവ്മെന്റ് വിതരണം നാളെ

കൊച്ചി: കേരള ന്യൂസ്പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ (കെഎൻഇഎഫ്) സ്ഥാപകനേതാവായിരുന്ന എസ്. അനന്തകൃഷ്ണന്റെ സ്മരണാർഥം കെഎൻഇഎഫ് സംസ്ഥാന കമ്മിറ്റി ഏർപ്പെടുത്തിയിരിക്കുന്ന അനന്തകൃഷ്ണൻ എൻഡോവ്മെന്റ് വിതരണം നാളെ എറണാകുളം ചങ്ങമ്പുഴ പാർക്കിൽ നടക്കും.

എസ്എസ്എൽസി പരീക്ഷയിൽ ഉന്നതവിജയം നേടിയ പത്രജീവനക്കാരുടെ മക്കൾക്കാണ് എൻഡോവ്മെന്റ് ഏർപ്പെടുത്തിയിരിക്കുന്നത്.രാവിലെ 10.30ന് നടക്കുന്ന സമ്മേളനം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. സംസ്ഥാന പ്രസിഡന്റ് വി.എസ്. ജോൺസൺ അധ്യക്ഷത വഹിക്കും. ടി.ജെ. വിനോദ് എംഎൽഎ മുഖ്യപ്രഭാഷണവും എഐഎൻഇഎഫ് ജനറൽ സെക്രട്ടറി വി. ബാലഗോപാൽ അനന്തകൃഷ്ണൻ അനുസ്മരണ പ്രഭാഷണവും നടത്തും.

കുഴഞ്ഞുവീണ് മരിച്ചു

എസ്. ഗൗരി

മുഹമ്മ: ഫുട്ബോൾ കളിക്കുന്നതിനിടെ കോഴിക്കോട് ദേവഗിരി കോളജിലെ ബിഎംഎസ് രണ്ടാം വർഷ വിദ്യാർഥിനി എസ്. ഗൗരി (19) കുഴഞ്ഞുവീണു മരിച്ചു. കേരള ടീം അംഗമായിരുന്നു. വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് കോളജ് കോർട്ടിൽ ഫുട്ബോൾ കളിക്കുന്നതിനിടെയാണ് കുഴഞ്ഞു വീണത്. മണ്ണഞ്ചേരി പഞ്ചായത്ത് മുൻ മെമ്പർ തെക്കേവെളിയിൽ സിന്ധുകുട്ടിയുടെ മകളാണ്. പരേതനായ ബി.എൽ. ബാബുവാണ് പിതാവ്. ബി. നിരഞ്ജൻ ഏക സഹോദരനാണ്.

ദീപിക ക്ലാസിഫൈഡ്സ്

വായനക്കാർ ശ്രദ്ധിക്കാൻ

ഈ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളെപ്പറ്റി വേണ്ടത്ര അന്വേഷണം നടത്തി സത്യസ്ഥിതി ബോധ്യപ്പെട്ടശേഷം മാത്രമേ അവയോടു പ്രതികരിക്കാവൂ. നേരിട്ട് അന്വേഷിച്ചശേഷമേ തുടർനടപടികളും പണമിടപാടുകളും നടത്താവൂ എന്നു വായനക്കാരോടു സവിനയം അഭ്യർഥിക്കുന്നു.

ബിസിനസ്

Providing the best Wedding Cards FROM OUR WIDE RANGE OF COLLECTIONS
Valavi & Co. Near Market Bridge Broadway, Ernakulam Ph: 0484 235 3765 9074885863 Mail: bravalavi@gmail.com
Valavi Cards Valavi Towers, Providence Road, Ernakulam, Cochin-18 Ph: 0484 2392018, 8281506620 Email: valavico@gmail.com www. valavi.com
E2409-541613

വീട്, സ്ഥലം ആവശ്യമുണ്ട്
KERALA's NO.1 റിയൽ എസ്റ്റേറ്റ് പോർട്ടലായ realkairali.comന് വിദേശ മലയാളികൾക്കായി സ്ഥലങ്ങൾ, വീടുകൾ, വില്ല, ഫ്ളാറ്റ്, ബിൽഡിങ്, എസ്റ്റേറ്റ് ഇടനിലക്കാരില്ലാതെ ആവശ്യമുണ്ട്.
9539 11 24 24
E2408-542208

FIND MY HOME MAID
വീട്ടുജോലിക്കാർ, പ്രസവ ശുശ്രൂഷകർ, ശിശു പരിചാരകർ, ആശുപത്രി കൂട്ടിരിപ്പുകാർ, ഹോം നേഴ്സുമാർ തുടങ്ങിയവരെ ബുക്ക് ചെയ്ത് 24 മണിക്കൂറിൽ ജോലിക്കാരെ കേരളത്തിലെവിടെയും നൽകുന്ന കേരളത്തിലെ ഏവർ വൺ മെയ്ഡ് ബ്യൂറോ സർവ്വീസ്
ആശുപത്രി കൂട്ടിരിപ്പുകാർ 3 മണിക്കൂറിൽ
Scan Here
First Floor, 777 Learning Hub, Karimkunnam PO, Karimkunnam.
ജോലി ആവശ്യമുള്ളവരും ജോലിക്കാരെ ആവശ്യമുള്ളവരും ഇപ്പോൾതന്നെ വിളിക്കൂ.
8590922424, 8590772424
FIND MY HOME MAID
K2409-541464

ഹോം നഴ്സിംഗ്

കൃപ ഹോം നേഴ്സിംഗ്
രോഗീപരിചരണം (M/F), ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവശുശ്രൂഷ, ഹോസ്പിറ്റൽ ബൈസ്റ്റാൻഡർ, കോവിഡ് ഡ്യൂട്ടി എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.
കൃപ ഹോം നേഴ്സിംഗ്, മുട്ടം
Ph: 7902857211 9746518466
K2409-540549

ഹോം നേഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ, GNM നേഴ്സിംഗ് എന്നീ ജോലിയ്ക്കും, ജോലിക്കാർക്കും. ശമ്പളം: രൂപ 17000 - 45000. സ്ത്രീ/ പുരുഷൻ.
Contact:
വെസ്റ്റേൺ, മുട്ടം, തൊടുപുഴ
9446813356, 9388810095
Ph: 04862-255326
K2410-542782

CHANGE OF NAME

CHANGE OF NAME
I, Seena Ajayan Passport Holder Number W5357271 issued at Cochin residing at Manackaparambil, Vattaparambu, Mattoor, Kalady P.O, 683574, do hereby change name as Seena Machampilly Kunjumon.

I, Basheer Kaniyarpadam Ummer Passport Holder Number C230242 issued at Cochin residing at Kannanchakkassery House, Pattanam, Vadakkekara, Ernakulam, 683522, do hereby change name as Basheer Kannanchakkassery Ummer.
K2410-544023

അനുഗ്രഹസ്മരണ

അനുഗ്രഹസ്മരണ
ഒരു വിശ്വാസി
T2410-544052

TOURS & TRAVELS

വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ പുണ്യശരീരം കാണുവാൻ
ഗോവ തീർത്ഥാടനം
വിമാനത്തിൽ Rs. 21900/- കൊച്ചിയിൽ നിന്നും
2025 January 04
• 3 Star ഹോട്ടലിൽ താമസം • 2 രാത്രിയും 3 പകലും • ഡബിൾ/ട്രിപ്പിൾ ഷെയറിംഗ് • ഗോവയിൽ ഭക്ഷണവും യാത്രാ സൗകര്യങ്ങളും
കണ്ടിരിക്കൽ ട്രാവൽസ്
കാഞ്ഞിരമറ്റം–ബൈപ്പാസ് റോഡ്, സിറ്റി ടവർ–തൊടുപുഴ
Ph: (Off.) 04862 225614, 9446042314, 8075185055
K2410-543552

സുജിത് ദാസ് ഉൾപ്പെടുന്ന ബലാത്സംഗ പരാതി

പത്തു ദിവസത്തിനകം തീരുമാനമെടുക്കണം

● ഹൈക്കോടതി നിർദേശം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്

കൊച്ചി: മലപ്പുറം എസ്പിയായിരുന്ന സുജിത് ദാസ് ഉൾപ്പെടെ ഉന്നത പോലീസ് ഉദ്യോഗസ്ഥർ ബലാത്സംഗം ചെയ്തെന്ന പരാതിയിൽ പത്തുദിവസത്തിനകം ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി നിയമപരമായ തീരുമാനമെടുക്കണമെന്നു ഹൈക്കോടതി.

എസ്പി, ഡിവൈഎസ്പി, സിഐ എന്നിവർക്കെതിരേ പരാതി നൽകിയിട്ടും പോലീസ് ഉദ്യോഗസ്ഥർക്കെതിരേ കേസെടുത്ത് അന്വേഷിക്കുന്നില്ലെന്ന് ആരോപിച്ചു പൊന്നാനി സ്വദേശിനി നൽകിയ ഹർജിയിലാണു ജസ്റ്റീസ് എ. ബദറുദ്ദീന്റെ ഉത്തരവ്. നിലവിലെ സാഹചര്യത്തിൽ അന്വേഷണ ഉത്തരവിടാൻ മുതിരുന്നില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി.

പൊന്നാനി സിഐയായിരുന്ന വിനോദ് തന്നെ ബലാത്സംഗം ചെയ്തെന്ന് ആരോപിച്ച് യുവതി 2022 ഓഗസ്റ്റ് 20നാണു പരാതി നൽകിയത്. മൂന്നു വർഷമായിട്ടും ഉദ്യോഗസ്ഥനെതിരായ പരാതിയിൽ നടപടി സ്വീകരിക്കാത്തതു ഞെട്ടിപ്പിക്കുന്നതായി കോടതി അഭിപ്രായപ്പെട്ടു.

യുവതി നൽകിയ പരാതിയിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് മജിസ്ട്രേറ്റ് കോടതിയിൽനിന്നുള്ള റിപ്പോർട്ടും കോടതി പരിശോധിച്ചു. പരാതി പൊതുസേവകർക്കെതിരേയായതിനാൽ വസ്തുത സംബന്ധിച്ച് ഡിഐജിയുടെ റിപ്പോർട്ട് തേടിയാണു മജിസ്ട്രേറ്റ് ഉത്തരവിട്ടത്.

എന്നാൽ, പോലീസ് ഉദ്യോഗസ്ഥർക്കെതിരേ ഉന്നയിക്കുന്ന ലൈംഗികാതിക്രമ പരാതിയിൽ ഇത്തരത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് തേടേണ്ടത് നിയമപരമായി അനിവാര്യമല്ലെന്നു ചൂണ്ടിക്കാട്ടിയാണ് കോടതി ഉത്തരവിട്ടത്.

ഉത്തരവിന്റെ പകർപ്പ് മജിസ്ട്രേറ്റിന് ഇമെയിൽ വഴി അയച്ചു നൽകാനും നിർദേശിച്ചു. പൊന്നാനി പോലീസിനും എഎസ്പിക്കും എസ്പിക്കും പരാതി നൽകിയിട്ടും നടപടിയില്ലാത്തതിനെ തുടർന്നാണു മജിസ്ട്രേറ്റ് കോടതിയിൽ യുവതി പരാതി നൽകിയത്.

താമസിക്കുന്ന വീടിന്റെ അവകാശവുമായി ബന്ധപ്പെട്ട തർക്കത്തിനു പരിഹാരം തേടി 2022ൽ പൊന്നാനി സിഐയായിരുന്ന വിനോദിനു നൽകിയ പരാതിയെത്തുടർന്ന് പ്രശ്ന പരിഹാരമുണ്ടാക്കാമെന്ന് ഉറപ്പുനൽകി തന്നെ ബലാത്സംഗം ചെയ്തെന്നാണു യുവതിയുടെ പരാതി.

തുർന്ന് ഡിവൈഎസ്പി വി. വി. ബെന്നിയെ സമീപിച്ചപ്പോഴും എസ്പിയായിരുന്ന സുജിത് ദാസിനെ സമീപിച്ചപ്പോഴും ബലാത്സംഗത്തിനിരയായെന്നും പരാതിയിൽ പറയുന്നു. എന്നാൽ, പരാതി വ്യാജമാണെന്നാണു സർക്കാർ അറിയിച്ചത്.

കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള പ്രതിനിധി സമ്മേളനം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു. ഹൈബി ഈഡൻ എംപി, പ്രഫ.കെ.വി. തോമസ്, എ.എൻ. രാധാകൃഷ്ണൻ, ആർ. എസ്. ബാബു തുടങ്ങിയവർ സമീപം.

കെയുഡബ്ല്യുജെ സംസ്ഥാന സമ്മേളനം ഇന്നു സമാപിക്കും

കൊച്ചി: കേരള പത്രപ്രവർത്തക യൂണിയൻ (കെയുഡബ്ല്യുജെ) 60-ാം സംസ്ഥാന സമ്മേളനം ഇന്നു സമാപിക്കും. പാലാരിവട്ടം റെനൈ കൊളോസിയത്തിൽ നടക്കുന്ന സമ്മേളനത്തിന്റെ ഭാഗമായി ഇന്നു രാവിലെ പത്തിന് നടക്കുന്ന പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. രമേശ് ചെന്നിത്തല എംഎൽഎ, പ്രഫ. കെ.വി. തോമസ് തുടങ്ങിയവർ മുഖ്യാതിഥികളാകും. ഉച്ചകഴിഞ്ഞ് മൂന്നിന് സമാപനസമ്മേളനം ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും.

ഇന്നലെ രാവിലെ സമ്മേളന നഗരിയിൽ പത്രപ്രവർത്തക യൂണിയൻ സംസ്ഥാന പ്രസിഡന്റ് എം.വി. വിനീത പതാക ഉയർത്തിയതോടെയാണ് സമ്മേളനത്തിന് തുടക്കംകുറിച്ചത്. തുടർന്നു നടന്ന പ്രതിനിധി സമ്മേളനം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് എം.വി. വിനീത അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എംപി, പ്രഫ. കെ.വി. തോമസ്, എ.എൻ. രാധാകൃഷ്ണൻ, മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്. ബാബു, ആർ. ഗോപകുമാർ, എം. ഷജിൽകുമാർ എന്നിവർ പ്രസംഗിച്ചു.

ഉച്ചകഴിഞ്ഞു നടന്ന പൊതുസമ്മേളനം മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്തു. മാധ്യമങ്ങൾ വിമർശനം ഉന്നയിക്കുന്നതിൽ തെറ്റില്ലെന്നും നേര് തിരിച്ചറിയാതെ കടന്നാക്രമിക്കുന്ന രീതി ശരിയല്ലെന്നും മന്ത്രി പറഞ്ഞു. പുത്തൻ സാങ്കേതികവിദ്യകളായ ആർട്ടിഫിഷൽ ഇന്റലിജൻസും ക്ലൗഡ് മീഡിയയും ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ നമുക്കാകണമെന്ന് മുഖ്യപ്രഭാഷണം നടത്തിയ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു. മേയർ എം. അനിൽകുമാർ പ്രസംഗിച്ചു.

വൈകുന്നേരം നടന്ന സാംസ്കാരിക സമ്മേളനം മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. കെ. സി. വേണുഗോപാൽ എംപി, സംവിധായകൻ വിനയൻ എന്നിവർ പ്രസംഗിച്ചു. പ്രഫ. എം.കെ. സാനു, മുതിർന്ന മാധ്യമപ്രവർത്തകൻ പി. രാജൻ എന്നിവരെ ആദരിച്ചു. തുടർന്ന് രാജേഷ് ചേർത്തലയും സംഘവും സംഗീത പരിപാടി അവതരിപ്പിച്ചു.

കേരള ബാങ്കിൽ പലിശ ഇളവോടെ രണ്ടുകോടി വരെ കാർഷിക വായ്പ

തിരുവനന്തപുരം: കർഷകർ, കാർഷിക സംരംഭകർ, കാർഷിക സ്റ്റാർട്ടപ്പുകൾ, ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, സ്വയം സഹായ സംഘങ്ങൾ, ഇതര സഹകരണ സംഘങ്ങൾ എന്നിവർക്കു കുറഞ്ഞ പലിശ നിരക്കിൽ രണ്ടു കോടി രൂപ വരെ കേരള ബാങ്കിൽ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് വായ്പ അനുവദിക്കുന്നു.

കർഷകരുടെ തൊഴിലവസരവും വരുമാനവും വർധിപ്പിക്കുന്നതിനായുള്ള അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നുള്ള മൂന്നു ശതമാനം പലിശയിളവോടെ ആറു ശതമാനം പലിശയ്ക്കാണു കർഷകർക്കു കേരള ബാങ്ക് എഐഎഫ് വായ്പ അനുവദിക്കുന്നത്.

ഒരു യൂണിറ്റിന് പദ്ധതി തുകയുടെ 90 ശതമാനം അല്ലെങ്കിൽ രണ്ടു കോടി രൂപ വരെയാണ് എഐഎഫ് വായ്പ അനുവദിക്കുന്നത്. കാർഷിക മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണത്തിനു വായ്പ പ്രയോജനപ്പെടുത്താം.

കർഷകർക്കായുള്ള ഹ്രസ്വകാല, ദീർഘകാല കാർഷിക വായ്പകളും കുറഞ്ഞ പലിശ നിരക്കിൽ കേരള ബാങ്ക് വഴി അനുവദിക്കുന്നു. ക്ഷീരകർഷകർക്ക് രണ്ടു ലക്ഷം രൂപ വരെ അനുവദിക്കുന്ന ക്ഷീരമിത്ര വായ്പയും മത്സ്യ കർഷകർക്കുള്ള പ്രവർത്തന മൂലധന വായ്പയും ദീർഘകാല വായ്പയും കുറഞ്ഞ പലിശ നിരക്കിൽ സർക്കാർ സബ്സിഡിയോടെ ലഭ്യമാണ്. ശീതീകരണ സൗകര്യത്തോടുകൂടിയ മത്സ്യ വില്പന വാഹനത്തിനും വായ്പ അനുവദിക്കുന്നു.

CHANGE OF NAME

കേരള വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്
ദർഘാസ് : 09/AEE/WSPSD/CKY/2024-25. സ്റ്റേറ്റ് പ്ലാൻ 2024-25 മണ്ടിക്കുന്ന് ജലവിതരണശാലയിൽ 15HP മോട്ടോർ പമ്പ് സെറ്റ് സപ്ലൈ ചെയ്ത് ഘടിപ്പിക്കുന്ന പ്രവർത്തി. നിരതദ്രവ്യം : Rs. 8500/-. ടെണ്ടർ ഫീസ് : Rs.750/-. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 25-10-2024 04.00 pm ഫോൺ : 0480 2701679. വെബ്സൈറ്റ് : www.kwa.kerala.gov.in, www.etenders.kerala.gov.in
(ഒപ്പ്) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ WSP സബ് ഡിവിഷൻ, ചാലക്കുടി
KWA-JB-GL-6-730-2024-25
R2410-544029

SOUTH INDIAN Bank EXPERIENCE NEXT-GEN BANKING
റീജിയണൽ ഓഫീസ് : ഇരിഞ്ഞാലക്കുട
VI/950-C & D, AKP സെന്റർ, ക്രൈസ്റ്റ് കോളേജ്, ക്രൈസ്റ്റ് നഗർ, ഇരിഞ്ഞാലക്കുട-680125 Ph: 0480-2829336 (CM), 2821336 (Gen)
E-mail: ro1017@sib.co.in www.southindianbank.com
CIN No.: L65191KL1929PLC001017
Ref: RO-IJK/SAR/0104/SN/38/2024-25 തീയതി : 18.10.2024
ഇ – ലേല വിൽപന അറിയിപ്പ്
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപനക്കായുള്ള ഇ-ലേല വിൽപന അറിയിപ്പ്.
(1). **അനൂപ് പി.ജി**, S/o. ഗോപി, പുതുപറമ്പിൽ ഹൗസ്, തിരുമാന്ധാംകുന്ന് ക്ഷേത്രത്തിന് സമീപം, പള്ളിപുറം, ചെറായി, എറണാകുളം 683514. (2). **നീതു വി. ആർ**, W/o. അനൂപ് പി.ജി., പുതുപറമ്പിൽ ഹൗസ്, തിരുമാന്ധാംകുന്ന് ക്ഷേത്രത്തിന് സമീപം, പള്ളിപുറം, ചെറായി, എറണാകുളം 683514. (3). **രത്തിനം**, W/o. ഗോപി, പുതുപറമ്പിൽ ഹൗസ്, തിരുമാന്ധാംകുന്ന് ക്ഷേത്രത്തിന് സമീപം, പള്ളിപുറം, ചെറായി, എറണാകുളം 683514. (4). **വേണുഗോപാൽ കെ.എസ്**, S/o. സുബ്രൻ, കൈതവളപ്പിൽ ഹൗസ്, കുഴിപിള്ളി, ചെറായി, എറണാകുളം 683501
താഴെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവഹകൾ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, **ചേന്ദമംഗലം ബ്രാഞ്ചിൽ** (സെക്യൂർഡ് ക്രെഡിറ്റർ) പണയപ്പെടുത്തിയിട്ടുള്ളതും ചുവ്വതലപ്പെടുത്തിയ ഓഫീസർ **ഭൗതികമായി കൈവശത്തിലെടുത്തിട്ടുള്ളതുമാണ്. 14.10.2024 തീയതിക്ക് രൂ.67,33,135.14/- (അറുപത്തിയേഴ് ലക്ഷത്തി മുപ്പത്തിമൂന്നായിരത്തി ഒറ്റനൂറ്റി മുപ്പത്തിയഞ്ച് രൂപ പതിനാല് പൈസ മാത്രം) തുടർന്നുള്ള പലിശയും നഷ്ടങ്ങളും ചിലവുകളും മറ്റും**, മുകളിൽ സൂചിപ്പിച്ച വായ്പക്കാർ & ജാമ്യക്കാർ ആയവരിൽ നിന്നും ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ ചേന്ദമംഗലം ബ്രാഞ്ചിലേക്ക് ഈടാക്കി കിട്ടുന്നതിലേയ്ക്കായി "എവിടെയാണോ" "എങ്ങിനെയാണോ" "എന്തു തന്നെയായാലും അങ്ങനെ തന്നെ" എന്ന വ്യവസ്ഥയിൽ **20.11.2024ന് വിൽപന** നടത്തുന്നതാണെന്ന് പൊതുജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പക്കാർക്കും/ ജാമ്യക്കാർക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു
വസ്തു ഉടമയുടെ പേര് : ശ്രീമതി. രത്തിനം
വസ്തുവിന്റെ വിവരണം: തണ്ടപേർ നമ്പർ 4703/1, എറണാകുളം ജില്ല, കുഴുപിള്ളി സബ് ജില്ല, കൊച്ചി താലൂക്ക്, പള്ളിപ്പുറം വില്ലേജ്, ബ്ലോക്ക് നമ്പർ 2, സർവ്വെ നമ്പർ 403/2, റീ.സർവ്വെ നമ്പർ 363/18 ൽ പെട്ട 3.24 ആർസ് സ്ഥലവും അതോടൊപ്പം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ IX/419 ഡോർ നമ്പറിൽ സ്ഥിതി ചെയ്യുന്ന 2098 Sqft (ഏകദേശം) താമസയോഗ്യമായ കെട്ടിടവും മറ്റ് എല്ലാ ചെച്ചപ്പെടുത്തലുകളും അടക്കം ശ്രീമതി.രത്തിനം, W/o.ഗോപി ഉടമസ്ഥതയിലുള്ളതും കുഴുപിള്ളി SROൽ രജിസ്റ്റർ ചെയ്ത 05.05.1989 തീയതിയിലെ 728/1989-ാം നമ്പർ തീറാധാരത്തിൽ കൂടുതൽ പൂർണ്ണമായി വിവരിച്ചിരിക്കുന്നതുമാണ്. അതിർത്തികൾ: വടക്ക്: വിനുജ വക വസ്തു. തെക്ക്: നന്ദകുമാർ വക വസ്തു. കിഴക്ക്: ദിൽ ജയൻ വക വസ്തു. പടിഞ്ഞാറ്: കോൺക്രീറ്റ് വഴി.
കരുതൽ വില: രൂ.35,00,000/- (മുപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം)
നിരതദ്രവ്യം (EMD) : രൂ.3,50,000/- (മൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം)
EMD 18.11.2024നോ അതിനുമുമ്പോ വൈകുന്നേരം 5.00 മണി വരെ നിക്ഷേപിക്കാം
ലേല വർദ്ധന : രൂ.10,000/- (പതിനായിരം രൂപ മാത്രം)
ഇ–ലേല തീയതി & സമയം: 20.11.2024 രാവിലെ 11.00 മുതൽ ഉച്ചയ്ക്ക് 12.00 വരെ
(വിൽപന അവസാനിക്കുന്നതുവരെ 5 മിനിറ്റ് പരിധിയില്ലാത്ത ഓട്ടോ എക്സ്റ്റൻഷനുകൾക്കൊപ്പം)
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: (1). മൂൻസിഫ് കോടതി, നോർത്ത് പറവൂർ, 2019 ലെ OS 445 ൽ 2019 ലെ IA നം.2141. (2). മൂൻസിഫ് കോടതി, പറവൂർ, IA 2282. (3). മൂൻസിഫ് കോടതി, പറവൂർ, OS 476/2019. (4). മൂൻസിഫ് കോടതി, എൻ പറവൂർ, OS 505/2019. (5). മൂൻസിഫ് കോടതി, പറവൂർ, OS 583/19. (6). മൂൻസിഫ് കോടതി, പറവൂർ, OS 582/19. (7) മൂൻസിഫ് കോടതി, പറവൂർ, OS 581/19. (8). കുടുംബ കോടതി, എറണാകുളം, IA 1773/21, OP 861/2021. (9) ദി ഹോണറബിൾ സബോർഡിനേറ്റ് ജഡ്ജസ് കോർട്ട് കൊമേഴ്സ്യൽ കോർട്ട്, നോർത്ത് പറവൂർ, E.A.നം.143/2023, E.P.നം.4/2023, ആർബി. കേസ് നം.498/2021
ലേല വിൽപനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമായി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ് (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റിൽനൽകിയിരിക്കുന്ന വെബ് പോർട്ടലിലുള്ള ലിങ്ക് പരിശോധിക്കുക, www.southindianbank.com വെബ്സൈറ്റിലും വിശദാംശങ്ങൾ https://bankauctions.in/ എന്നതിലും ലഭ്യമാണ്. വസ്തുവിന്റെ പരിശോധന, ഇ-ലേലത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും അല്ലെങ്കിൽ ലേലം സമർപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ വ്യക്തതയ്ക്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡുമായി ബന്ധപ്പെടാനുള്ള നമ്പറിൽ ദയവായി ബന്ധപ്പെടുക (ഫോൺ നമ്പർ (+91) 9946669386, (+91)9745244078, (+91)7558897963, (+91)4802829336). ചുവ്വതലപ്